**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 421** | **21-07-2022 - ല്‍ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോണ്‍,<br>ശ്രീ കടകംപള്ളി സുരേന്ദ്രന്‍,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. പ്രേംകുമാര്‍** | | **ഡോ. ആര്‍ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി പുതുതായി തൊണ്ണൂറ്റിയാറ് കോടിയില്‍പരം രൂപയുടെ പദ്ധതികള്‍ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കില്‍ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങള്‍ കൊണ്ടുവരുന്നതിന് 21.05.2022 ലെ സ.ഉ (സാധാ) നം. 747/2022/ഉ.വി.വ പ്രകാരം താഴെപ്പറയുന്ന സമഗ്രമായ പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഇ-ജേര്‍ണല്‍ കണ്‍സോര്‍ഷ്യം<br><br>ബ്രെയിന്‍ ഗെയിന്‍ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br><br>സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷന്‍ സെന്റര്‍ (SAAC)<br><br>ഡിജികോള്‍<br><br>കേരള അക്കാദമിക് ലൈബ്രറി നെറ്റ് വര്‍ക്കിന്റെ (കാല്‍നെറ്റ്) വികസനം<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറല്‍ ഫെലോഷിപ്പ്<br><br>കേരള ഇന്‍സ്റ്റിറ്റ്യൂഷണല്‍ റാങ്കിംഗ് ഫ്രെയിം വര്‍ക്ക് (KIRF)<br><br>അദ്ധ്യാപക പരിശീലന പദ്ധതി.<br><br>ഓണ്‍ലൈന്‍ ഡിജിറ്റല്‍ ശേഖരം |

| | | | |
|---|---|---|---|
| | | | എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി<br><br>(കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)<br><br>ഉന്നതവിദ്യാഭ്യാസ സർവ്വേ |
| (ബി) | പഠനം വിലയിരുത്തൽ, പരീക്ഷ എന്നിവയ്ക്ക് ഓപ്പൺ സോഴ്സ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റമായ മോഡുലാർ ഒബ്ജക്ട് ഓറിയന്റഡ് ഡയനാമിക് ലേണിംഗ് എൻവയോൺമെന്റ് പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | **DIGICOL (കോളേജുകൾക്ക് ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം) :-**<br><br>കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്കരിച്ച് സർക്കാരിന് സമർപ്പിച്ച പദ്ധതിയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ ഇൻ കേരള (Digital Enablement of Higher Education Institutions in Kerala) (Let's gc digital പദ്ധതി). കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodleലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.<br><br>ചിലവുകുറഞ്ഞതും എന്നാൽ അതിവേഗം തന്നെ പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു കേന്ദ്രീകൃത മാതൃകയാണിത്. Virtual Machine Docker Containers System (VMDCS) |

| | | | |
|---|---|---|---|
| | | | എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും, കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു.<br><br>ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇതിനാവശ്യമായിട്ടുള്ള സാങ്കേതിക സഹായവും സെർവർ സൗകര്യവും ഉന്നതവിദ്യാഭ്യാസ കൗൺസിലിന് നൽകുന്നു. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ Moodle LMS സംവിധാനം ഒരുക്കാവുന്നതാണ്. അദ്ധ്യാപകർക്ക് ആവശ്യാനുസരണം ഇത് പ്രയോജനപ്പെടുത്താവുന്ന രീതിയിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകി വന്നിരുന്ന ഇ-ജേണൽ നിർത്തലാക്കിയ സാഹചര്യത്തിൽ ഗവേഷണത്തിന് സഹായകരമാകുന്നതിന് സംസ്ഥാന സർക്കാർ ഇ-ജേണൽ കൺസോർഷ്യം ആരംഭിച്ചിട്ടുണ്ടോ? | (സി) | സംസ്ഥാന സർക്കാർ ഇ-ജേർണൽ കൺസോർഷ്യം ആരംഭിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന് അനുമതി നൽകിയിട്ടുണ്ട്. സർവ്വകലാശാലകൾക്ക് യു.ജി.സി സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ കൺസോർഷ്യം (State level E- Journal Consortium) പ്രവർത്തനക്ഷമമാകും. പ്രമുഖ പ്രസാധകരുമായി കരാർ ഉണ്ടാക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |

സെക്ഷൻ ഓഫീസർ